File No.Taxes-E3/327/2016-Taxes

# കേരള സർക്കാർ

## സംഗ്രഹം

നികുതി വകുപ്പ് - രജിസ്ട്രേഷൻ - നേമം സബ് രജിസ്ട്രാർ ഓഫീസിലെ 01.01.2013 മുതൽ 30.11.2014 വരെ കാലയളവിലെ ആഡിറ്റ് റിപ്പോർട്ട് - ശ്രീ.ജൈജു കെ.എസ്., സീനിയർ ക്ലാർക്ക് (സബ് രജിസ്ട്രാർ ഇൻചാർജ്) സർക്കാരിൽ സമർപ്പിച്ച അപ്പീൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

**സ.ഉ.(സാധാ)നം.115/2019/നി.വ.** തീയതി, തിരുവനന്തപുരം, **19.02.2019**

പരാമർശം- 1. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 01.02.2016-ലെ RR2-19487/2015 നമ്പർ ഉത്തരവ്

2. ശ്രീ.ജൈജു കെ.എസ്. സമർപ്പിച്ച 08.03.2016-ലെ അപ്പീൽ

3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 20.12.2017, 10.08.2017, 26.09.2016 തീയതികളിലെ RR2-7380/2016 നമ്പർ കത്തുകൾ.

## ഉത്തരവ്

നേമം സബ് രജിസ്ട്രാർ ഓഫീസിലെ 01.01.2013 മുതൽ 30.11.2014 വരെ കാലയളവിലെ ആഡിറ്റ് റിപ്പോർട്ട് പാർട്ട് എ ഇനം 4 പ്രകാരം ടി ഓഫീസിൽ രജിസ്റ്റർ ചെയ്ത 870/2013 നമ്പർ ധനനിശ്ചയാധാരത്തിൽ ഒരിക്കൽ പിഴ തിരുത്തിയ ആധാരം വീണ്ടും പിഴ തിരുത്തിയിട്ടുള്ളതായും, അപ്രകാരം ചെയ്യാൻ നിയമം അനുശാസിക്കാത്തതിനാൽ ടി ധനനിശ്ചയം ഒരു പുതിയ കരണമായി കണ്ട് കേരള മുദ്രപത്രനിയമം ഷെഡ്യൂൾ 58 പ്രകാരം മുദ്രവിലയും ഫീസും ഈടാക്കേണ്ടതാണെന്നും, മുദ്രയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലുമായി സർക്കാരിന് 16,100/- രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന് ഓഡിറ്റ് പരാമർശം ഉണ്ടാകുകയും, പ്രസ്തുത തുക അന്ന് സബ് രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്ന ശ്രീ.ജൈജു കെ.എസ്., സീനിയർ ക്ലാർക്കിൽ നിന്നും ഈടാക്കുന്നതിന് പരാമർശം (1) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ജൈജു കെ.എസ്. പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി.

2) സമാന വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.(എ)3-4520/15 നമ്പർ ഉത്തരവനുസരിച്ച്, ഒരാധാരത്തിൽ സംഭവിച്ച പിശകിനെ തിരുത്തേണ്ടത് ഒരു തെറ്റ് തിരുത്താധാരം രജിസ്റ്റർ ചെയ്ത തന്നെ വേണം എന്നതിനാലും, റിമാർക്കിനാസ്പദമായ 870/2013 നമ്പർ ആധാരം പരിശോധിച്ചതിൽ തെറ്റ് സംഭവിച്ചത് ഏത് തരത്തിലാണ് എന്ന് വ്യക്തമല്ലാത്തതിനാലുമാണ് ഒരു തെറ്റുതീർപ്പാധാരം രജിസ്റ്റർ ചെയ്ത് തന്നെ വേണം അത്തരം തെറ്റുകൾ തിരുത്തേണ്ടതെന്ന് ഉത്തരവായിട്ടുള്ളതെന്നും, ശ്രീ.ജൈജു കെ.എസ്.-ന്റെ അപ്പീൽ സ്വീകരിക്കേണ്ടതില്ലെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, അപ്പീലിനാസ്പദമായ 870/13 നമ്പർ ആധാരത്തിലെ വസ്തുവിന്റെ എല്ലുകയ്ക്കോ, തരത്തിനോ, വിസ്തീർണത്തിനോ, മുൻ സർവ്വെ നമ്പറിനോ മാറ്റമില്ലാത്തതിനാൽ വസ്തുവിന് ഭൗതിക മാറ്റം വന്നതായി കരുതാവുന്നതല്ല. പിഴ തിരുത്താധാരം മുഖേന, സർവ്വേ നമ്പർ അല്ലെങ്കിൽ സബ്ഡിവിഷൻ നമ്പർ തിരുത്തുമ്പോൾ വസ്തുവിന്റെ ഫെയർ വാല്യൂവിൽ മാറ്റം (വർദ്ധനവ്) ഉണ്ടാകുന്ന പക്ഷം മാത്രം പ്രസ്തുത വർദ്ധനവ് ഒടുക്കുന്നതിന് കക്ഷിയോട് ആവശ്യപ്പെടാവുന്നതാണ്. എന്നാൽ പിഴ തിരുത്താധാരം രജിസ്റ്റർ

Scanned by CamScanner

File No.Taxes-E3/327/2016-Taxes

ചെയ്യുന്നതിന് ഒരു fresh രജിസ്ട്രേഷൻ എന്നു കരുതി മുദ്രസലയോ രജിസ്ട്രേഷൻ ഫീസോ ഈടാക്കാവുന്നതല്ല. അതിനാൽ പിഴ തിരുത്താധാരം രജിസ്റ്റർ ചെയ്തിട്ടില്ല എന്നതു കൊണ്ട് സർക്കാരിന് നഷ്ടം ഉണ്ടായതായി കരുതാവുന്നതല്ല. അതിനാൽ സബ് രജിസ്ട്രാറിൽ നിന്നും നഷ്ടം ഈടാക്കണമെന്ന ഓഡിറ്റ് പരാമർശം നിയമപരമായി നിലനിൽക്കുന്നതല്ല. ശ്രീ.ജൈജു കെ.എസ്. നേമം സബ് രജിസ്ട്രാറായി ചുമതല വഹിച്ചുവരവെ രജിസ്റ്റർ ചെയ്ത ധനനിശ്ചയാധാരത്തിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയിട്ടുള്ളത് ക്രമപ്രകാരമായതിനാൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ പരാമർശം (1)-ലെ ഉത്തരവ് റദ്ദാക്കി അപ്പീൽ അനുവദിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിമി എ.എസ്.**

അണ്ടർ സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം

ശ്രീ.ജൈജു കെ.എസ്., ജൂനിയർ സൂപ്രണ്ട്, ജില്ലാ രജിസ്ട്രാർ ഓഫീസ്, തിരുവനന്തപുരം (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

പുറത്തെഴുത്ത് നമ്പർ. RR (2) 7380/16.

രജിസ്ട്രേഷൻ ഐ.ജി. ഓഫീസ്
വഞ്ചിയൂർ. 08.04.19.

അറിവിലേക്കും, തുടർ നടപടികൾക്കുമായി.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി.

**P.K. SAJANKUMAR**
**JOINT I.G. OF REGISTRATION**

To, DR(A) തിരുവനന്തപുരം
DIG (S2) തിരുവനന്തപുരം.

Scanned by CamScanner